പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1401 21/03/2012-ൽ മറുപടിക്ക്

## കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത പട്ടികവർഗ്ഗക്കാർ

ചോദ്യം മറുപടി

ശ്രീ.കെ.വി.വിജയദാസ് : കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പാലക്കാട് കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത പട്ടികവർഗ്ഗക്കാർ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അവർക്ക് സമയബന്ധിതമായി വീട് വച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ ഭവന രഹിതരായ 40 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഊരുകൂട്ട തീരുമാനപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ത്രിതല പഞ്ചായത്തുകളുടെയും വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ; | (സി) | ഭവന രഹിതരായ 40 പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നു അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. ഊരുകൂട്ട തീരുമാന പ്രകാരം 2012-13 സാമ്പത്തിക വർഷം ലഭ്യമാകുന്ന തുകയ്ക്ക് അനുസരിച്ച് വീട് അനുവദിക്കുന്നതാണ്. |
| (ഡി) | ഇക്കാര്യത്തിൽ കാലതാമസം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഉണ്ടെങ്കിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ